[vinuxavier]™

തറയാവരുതേ എന്ന പ്രാർത്ഥനയോടെ..! http://vinuxavier.wordpress.com/

# നീനൂ..ഉണ്ടക്കണ്ണീ..

നീനൂ.. എനിക്ക് നിന്നെ ഇഷ്ടമാണ്..!

എനിക്കത് ആദ്യമേ അറിയാമായിരുന്നു വിനൂ..നീ എന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന് എനിക്ക് ആദ്യമേ തോന്നിയിരുന്നു..

പറഞ്ഞു കഴിഞ്ഞപ്പോ എന്തോ ഒരു വലിയ ആശ്വാസം ഫീൽ ചെയ്യുവാ നീനൂ.. നിന്നോടു സംസാരിക്കുമ്പോ എത്രയോ തവണ എന്റെ ഈ ഇഷ്ടം നിന്നോട് പറയാൻ ഞാൻ ആഗ്രഹിച്ചിരുന്നുവെന്നു നിനക്ക് അറിയാമോ? പ്രൊജെക്റ്റും കോഡിങ്ങുമൊക്കെയായിട്ട് നീയെപ്പോഴും ബിസിയായിരിക്കും..അതാ ഞാൻ, പലപ്പോഴും പിന്നീടൊരിക്കലാവാം എന്നു മനസ്സിൽ വിചാരിക്കുന്നത്..

വിനൂ.. നീയെന്താ, എനിക്ക് തിരിച്ചും നിന്നെ ഇഷ്ടാണൊ എന്നു എന്നോട് ചോദിക്കാത്തത്?

എന്തിനാ ഞാൻ അങ്ങനെ തിരിച്ചു ചോദിക്കുന്നത്? എനിക്കു കാണാം നിന്റെ കണ്ണുകൾ തന്നെ എല്ലാം എന്നോടു പറയുന്നത്..ഇനി നിനക്ക് അങ്ങനെ ഒന്നുമില്ല എന്നുണ്ടോ?

ചുമ്മാ പറഞ്ഞതാ വിനൂ.. എനിക്കും വിനു ന്നു വെച്ചാ ജീവനാ..നീ തന്നെ എന്നോട് ഇതു പറയാൻ വേണ്ടി ഞാൻ വെയിററ് ചെയ്യുവായിരുന്നു..!

ശരിക്കും..? എനിക്കിതു വിശ്വസിക്കാമോ?..

ഉം.. വിശ്വസിച്ചോളൂ..

നീനൂ.. എന്തു രസമാ നീ ചിരിക്കുന്നത് കാണാൻ.. നീ അറിയാതെ എത്ര തവണ ഞാനത് നോക്കിനിന്നിട്ടുണ്ടെന്നു അറിയാമോ?.. ഇതൊക്കെ ഒരു നിമിത്തമായി ഞാൻ കരുതുവാ ഇപ്പോ..എവിടെയോ ജനിച്ചു വളർന്ന നമ്മൾ ഈ കമ്പനിയിൽ തന്നെ വന്നു ചേരാനും, സെയിം പ്രൊജെക്റ്റിൽ വരാനും, നമ്മൾ കണ്ടുമുട്ടാനും.. ആദ്യമൊക്കെ നീ ആ നിതിനോട് സംസാരിക്കുന്നതും ചിരിക്കുന്നതുമൊക്കെ കണ്ടപ്പോ ഒന്നും വേണ്ട ശരിയാവുകേല എന്നു ഞാൻ കരുതിയതാ.. അവൻ ഓൺസൈററ് പോയിക്കഴിഞ്ഞപ്പോ ഞാൻ കുറച്ച്

ആശ്വസിച്ചതാ.. പക്ഷേ അപ്പഴും അവൻ നിന്നെ എപ്പോഴും ഫോൺ ചെയ്യലും പിന്നെ പേഴ്സണൽ മെയിലും ഒക്കെ ആണെന്നറിഞ്ഞപ്പോ വീണ്ടും എന്റെ മനസ്സ് തകർന്നുപോയി.. ഇന്നു പക്ഷേ എനിക്ക് നിന്നോട് എന്തെന്നില്ലാത്തൊരിഷ്ടം ഫീൽ ചെയ്യുന്നു. ഇനിയെങ്കിലും പറഞ്ഞില്ലെങ്കിൽ എനിക്ക് പിന്നെ, മനസ്സിൽ അങ്ങനെയൊരു ഭാരം തങ്ങി നിൽക്കുന്നത് പോലെയായിരിക്കും..!

അങ്ങനെയൊക്കെ എന്തിനാ ചിന്തിക്കാൻ പോകുന്നത് വിനൂ..നിതിൻ ആയിട്ട് കമ്പയർ ചെയ്യുമ്പോ വിനുവിന് സ്വല്പം ലുക്ക് കുറവാണെങ്കിലും നിനക്ക് ഭയങ്കര ബുദ്ധിയല്ലേ?. മാത്രമല്ല പലപ്പോഴും നിതിനായിരിക്കും എന്നോട് ഇങ്ങോട്ട് ഇടിച്ചുകയറി സംസാരിക്കാൻ വരുന്നത്. എനിക്കത് ഇഷ്ടമല്ല എന്നു എങ്ങനെയാ ഞാൻ പറയുക..നിതിൻ എന്റെ സീനിയർ ആയിപ്പോയില്ലേ..പിന്നെ ഓൺസൈറ്റിൽ നിന്നു അവൻ എപ്പോഴും പ്രൊജെക്റ്റ് റിലേറ്റഡ് എന്നു പറഞ്ഞ് എന്നെ വിളിക്കുന്നതു മൊത്തം പഞ്ചാരയടിക്കാനായിരിക്കും.. എനിക്കങ്ങോട്ട് കലി കയറുമെങ്കിലും, പിന്നെ ഞാൻ എല്ലാത്തിനും ഉം ഉം എന്ന് മൂളിക്കോണ്ടിരിക്കാറേയുള്ളൂ.. വിനു പേടിക്കേണ്ടാട്ടോ.. ഈ നീനു എന്നും വിനുവിന്റെയാ.. വിനൂന്റെ മാത്രം..!

സത്യം.? എനിക്ക് വിശ്വസിക്കാമോ? ഞാൻ സ്വപ്നം കാണുകയൊന്നുമല്ലല്ലോ? ഞാൻ എന്റെ കയ്യിൽ ഒന്നു നുള്ളി നോക്കട്ടെ..!

ഛെ!..നുള്ളണ്ടായിരുന്നു..സ്വപ്നമായിരുന്നല്ലേ..?കോപ്പ്.. സ്വപ്നമായിരുന്നെങ്കിലും നല്ല രസമുണ്ടായിരുന്നു. സമയം എത്രയായീന്നാവോ? വെളുപ്പാൻ കാലത്ത് കാണുന്ന സ്വപ്നം ഫലിക്കും..!

സമയം 7:30.. വെളുപ്പിനേ അഞ്ചരയ്ക്കാ ഓഫീസിൽ നിന്നു വന്നത്.. കോഡിങ്ങ് തീർത്ത് കെട്ടിപ്പൂട്ടി ഫയൽ ഓൺസൈറ്റിലേക്ക് കയറ്റി അയച്ചപ്പോഴേക്കും സമയം അഞ്ചുമണിയായിരുന്നു. ഒരു രണ്ടു മണിക്കൂറു കൂടി കെടന്നിട്ട് ഒരു പത്തു മണിയാവുമ്പോ ഓഫീസിലേക്ക് ചെല്ലാം.. ദൈവമേ.. ഓൺസൈറ്റിലിരിക്കുന്നത് നിതിനാ.. സായിപ്പിനെ പേടിക്കേണ്ട.. ഈ കോപ്പൻ അവിടെയിരുന്നു ഒരോരോ ഊഡായിപ്പ് കണ്ടുപിടിച്ച് നാട്ടിലേക്ക് മെയിൽ അയക്കും. അതും പ്രൊജെക്റ്റ് മാനേജരേം ബാക്കിയുള്ള സകലമാന മൊതലാളിമാരേം പിടിച്ച് മെയിൽ ലിസ്റ്റിൽ ഇട്ടശേഷം..! ദൈവമേ ..പത്തുമണീക്ക് ചെല്ലുമ്പോ ആ ഡാഷ്മോൻ മെയിൽ ഒന്നും ഇട്ടിട്ടുണ്ടാകരുതേ..

ഛെ,എന്നാലും ഒരു കിഡിലം സ്വപ്നമായിരുന്നു.. നീനൂ..ഉണ്ടക്കണ്ണീ.. നീയിതു വല്ലതും അറിയുന്നുണ്ടോടീ കൊച്ചുഗള്ളി..!ഇനീം ഉറങ്ങിയാ സ്വപ്നത്തിന്റെ ബാക്കി കൂടി കാണാൻ പറ്റിയാ മതിയായിരുന്നു.. മൊബൈൽ അലാം സെറ്റ് ചെയ്യട്ടെ..ഒൻപതര..

എനിക്ക് പാടാനൊരു പാട്ടിലുണ്ടൊരു പെണ്ണ്...

എനിക്ക് കൂട്ടായ്യൊരു കൂട്ടിലുണ്ടൊരു പെണ്ണ്...

ങേ! ഇത്രപ്പെട്ടെന്നു ഒൻപതരയായോ? യെന്ത്..? നീനു കോളിങ്ങ്..!!

ഹലോ..നീനു..പറയ്..

വിനൂ.. ഒറങ്ങുവായിരുന്നോ?

ആഹ്..ഇന്നലെ പ്രൊജെക്റ്റ് റിലീസ് കഴിഞ്ഞു വീട്ടിൽ എത്തിയപ്പോ അഞ്ചരയായി..! എന്തു പറ്റി?

അല്ല..നിതിൻ ഇപ്പോ വിളിച്ചിട്ടുണ്ടായിരുന്നു.. വിനു ഇന്നലെ അയച്ച ഫയൽ വർക്ക് ചെയ്യുന്നില്ലായെന്നു.. അത് വേഗം ഒന്നൂടെ സെന്റ് ചെയ്യാൻ പറഞ്ഞു. എവിടെയാ അതിന്റെ ഒറിജിനൽ ലേറ്റസ്റ്റ് ഫയൽ കെടക്കുന്നേ?

നീനു..അത് എന്റെ സിസ്റ്റത്തിലാ..

എന്നാ എനിക്ക് അതിന്റെ പാസ്‌വേഡ് താ.. ഞാൻ പെട്ടെന്നു അയക്കട്ടെ. നിതിൻ ഒടുക്കത്തെ ചൂടിലാ.. വിനൂനെ ഒരുപാട് ചീത്ത പറഞ്ഞു..

പാസ്സ്‌വേഡ്........ഞാൻ ഇപ്പോ അങ്ങോട്ട് വരാം നീനു.. ബൈക്കിന് എനിക്ക് ഒരു അര മണിക്കൂർ മതി..!

ഏയ്..അത്രയും സമയം വെയിറ്റ് ചെയ്യാൻ നിതിനു വയ്യ ന്നു പറഞ്ഞു.. വേഗം പാസ്‌വേഡ് പറഞ്ഞു താ.. ഞാൻ അത് അവനു സെന്റ് ചെയ്ത് കൊടുക്കട്ടേ..

പാസ്സ്‌വേഡ്... ... പാസ്‌വേഡ്.... നീനു1234#.. ഹലോ.. നീനൂ.. ഹലോ... ഹലോ...!!